പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1946 *16.06.2014*-ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.-യുടെ പുരോഗതിക്ക് കെ.റ്റി.ഡി.എഫ്.സി.-യുടെ സഹായം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. എം. ഷാജി : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.റ്റി.ഡി.എഫ്.സി. സ്ഥാപിതമായത് എന്നാണ്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) | കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കമ്പനിനിയമ പ്രകാരം 27.02.1991-ൽ നിലവിൽ വരുകയും 16.03.1992-ൽ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.<br>കേരള ട്രാൻസ്പോർട്ട് ഡെവല പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വ്യക്തികൾ, സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സിക്ക്, വാഹനങ്ങൾ വാങ്ങുന്നതിലേക്കായി ലീസ്, ഹയർ പർച്ചേസ്, ഹൈപ്പോതിക്കേഷൻ എന്നിവ മുഖേന സാമ്പത്തിക സഹായം ചെയ്യുക.<br>2. കെ.എസ്.ആർ.ടി.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ വാണിജ്യ വിജയത്തിന് സഹായകമായ രീതിയിൽ മെച്ചപ്പെടുത്തുക (ഡീസൽ പമ്പുകളും സ്പെയർ പാർട്ട്സ് ഷോപ്പുകളും ബസ് സ്റ്റേഷനുകളും വ്യാപാര സമുച്ചയങ്ങളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക).<br>3. കര, വ്യോമ, ജല ഗതാഗതത്തിനായി വാഹനങ്ങൾ കൈവശമാക്കുന്നതിനായി വിവിധ കക്ഷികൾക്ക് സാമ്പത്തിക സഹായം നൽകുക.<br>4. ഗതാഗത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | നിർമ്മിതികൾക്കും സ്പെയർപ്പാർട്ടുസുകളുടെ നിർമ്മാണവിതരണവുമായി ബന്ധപ്പെട്ടും സാമ്പത്തിക സഹായം നൽകുക.<br>5. കേരളത്തിനകത്ത് പ്രവർത്തിക്കുന്ന ഗതാഗതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഹ്രസ്വ-മദ്ധ്യ കാല വായ്പകൾ ലഭ്യമാക്കുക.<br>ആർ.ബി.ഐ.യുടെ നിബന്ധനകൾക്ക് വിധേയമായി അത്തരം സ്ഥാപനങ്ങളുടെ ഷെയർ കാപ്പിറ്റലിലും ഇക്വിറ്റി തുടങ്ങിയവയിലും മറ്റും മുതൽ മുടക്കുക. |
| (ബി) | കെ.എസ്.ആർ.ടി.സി.-ക്ക് കെ.റ്റി ഡി. എഫ്.സി.-യുടെ രൂപീകരണവുമായുള്ള ബന്ധം വ്യക്തമാക്കുമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി രൂപീകരിച്ചത് പ്രധാനമായും കെ.എസ്.ആർ.ടി.സിയ്ക്ക്, വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്കായി ലീസ്, ഹയർ പർച്ചേസ്, ഹൈപ്പോതിക്കേഷൻ എന്നിവ മുഖേന സാമ്പത്തിക സഹായം ചെയ്യുക., കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വാണിജ്യ വിജയത്തിനു സഹായകമായ രീതിയിൽ മെച്ചപ്പെടുത്തുക (ഡീസൽ പമ്പുകളും സ്പെയർ പാർട്ട്സ് ഷോപ്പുകളും ബസ് സ്റ്റേഷനുകളും വ്യാപാര സമുച്ചയങ്ങളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക) എന്നീ ലക്ഷ്യത്തോടെയാണ്. |
| (സി) | കെ.റ്റി.ഡി.എഫ്.സി. സ്ഥാപിതമായതിനു ശേഷം കെ.എസ്.ആർ.റ്റി.സി. -യുമായി ബന്ധപ്പെട്ട് നടന്ന ഇടപാടുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (സി) യും<br>(ഡി) യും | സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സിയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നത് പ്രധാനമായും കെ.റ്റി.ഡി.എഫ്.സി.യാണ്. കെ.റ്റി.ഡി.എഫ്. സി സ്ഥാപിതമായതിനു ശേഷം നാളിതു വരെ കെ.റ്റി.ഡി.എഫ്.സി കെ.എസ്.ആർ.ടി. സിയ്ക്ക് 2949.54 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 192 കോടി രൂപ കെ.റ്റി.ഡി.എഫ്.സി കെ.എസ്.ആർ.ടി. സിയ്ക്ക് നൽകിയിട്ടുണ്ട്. ഹ്രസ്വകാല വായ്പകൾ, ദീർഘകാല വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ തുടങ്ങി വിവിധതരം |
| (ഡി) | കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക തകർച്ചയിൽ നിന്നും കരകയറാൻ എന്തെല്ലാം സഹായങ്ങളാണ് കെ.റ്റി.ഡി.എഫ്.സി. ചെയ്ത് നൽകിയത്; | | |

| | | | |
|---|---|---|---|
| | | | വായ്പകളാണ് കെ.എസ്.ആർ. ടി.സി.യ്ക്ക് നൽകിവരുന്നത്. ഇതു കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ തെരഞ്ഞെടുത്ത ബസ് ടെർമിനലുകളിൽ കെ.റ്റി.ഡി.എഫ്.സി ബി.ഒ.ടി അടിസ്ഥാനത്തിൽ ബസ് ടെർമിനൽ കം ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി.-യുടെ പുരോഗതിക്ക് കെ.റ്റി.ഡി.എഫ്.സി.-യുടെ സമ്പത്ത് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | ഇത്തരത്തിൽ ഒരു നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ